EH - Urgent
3/1/14

കേരള സർക്കാർ

സംഗ്രഹം

000715

ആരോഗ്യകുടുംബക്ഷേമ വകുപ്പ് - 2014 ലെ പൊതുസ്ഥലംമാറ്റം മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആരോഗ്യകുടുംബക്ഷേമ (എം) വകുപ്പ്

സ.ഉ.(സാധാ)നം.16/2014/ആക.വ തിരുവനന്തപുരം, തിയ്യതി. 02.01.2014.

---

പരാമർശം: ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 05.11.2013 ലെ ഇ.എച്ച് 1-77172/13 ആ.വ.ഡ നം. കത്ത്.

ഉത്തരവ്

2014 ലെ പൊതുസ്ഥലംമാറ്റം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാൻ ഉത്തരവാകുന്നു.

1. 2014 ഫെബ്രുവരി 15 ന് മുൻപ് അപേക്ഷ സ്വീകരിക്കുകയും 2014 മാർച്ച് 15 ന് മുൻപ് കരട് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും, ലഭിക്കുന്ന പരാതികൾ തീർപ്പാക്കി 2014 ഏപ്രിൽ 9 ന് മുൻപ് അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്യേണ്ടതാണ്.
2. കരട് ലിസ്റ്റും അന്തിമ ലിസ്റ്റും www.dhs.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണം. അതോടൊപ്പം ഓരോ തസ്തികയുടെയും വെവ്വേറെ കരട് ലിസ്റ്റ് ബന്ധപ്പെട്ട ജില്ലാ ആഫീസുകളിൽ കൂടി പ്രസിദ്ധീകരിക്കേണ്ടതാണ്.
3. അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുമ്പോൾ അതിൽ സ്ഥലംമാറ്റ അപേക്ഷ അനുകൂലമായി പരിഗണിക്കുവാൻ ഇടയായ കാരണങ്ങൾ (പുറം സ്ഥാപനത്തിലെ സേവനകാലം, സൈനിക സേവനത്തിലിരിക്കുന്നവരുടെ ആശ്രിതർ, പെൻഷൻ ആകാറായവർ, അനുകമ്പ അർഹിക്കുന്നവർ തുടങ്ങിയവ) കാണിച്ചിരിക്കേണ്ടതാണ്.
4. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാരും അന്തർജില്ലാ സ്ഥലംമാറ്റത്തിനായി ലഭിക്കുന്ന എല്ലാ അപേക്ഷകളും 2014 മാർച്ച് 15 ന് മുൻപ് ഓരോ തസ്തികയ്ക്കും വെവ്വേറെ ആമുഖക്കുറിപ്പ് സഹിതം ബന്ധപ്പെട്ട വകുപ്പ് തലവൻമാരുടെ കാര്യാലയത്തിൽ ലഭ്യമാക്കണം.
5. 2014 ഏപ്രിൽ 20ാം തീയതിയോടുകൂടി പുതിയ സ്ഥലങ്ങളിൽ ജോലിയിൽ പ്രവേശിക്കാനാവുംവിധം ഷെഡ്യൂൾ തയ്യാറാക്കണം.
6. 2014 മാർച്ച് 31 ന് മൂന്ന് വർഷം പൂർത്തിയാക്കുന്ന ജീവനക്കാരന്റെ അപേക്ഷ മാത്രമേ പൊതു സ്ഥലംമാറ്റത്തിന് പരിഗണിക്കുവാൻ പാടുള്ളൂ.

7. അന്തർജില്ലാ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിച്ച ശേഷം മാത്രം ജില്ലയ്ക്കകത്തുള്ള സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
സുഷമ കുമാരി. എസ്,
ഡെപ്യൂട്ടി സെക്രട്ടറി.

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം.
ഭാരതീയ നാട്ടുചികിത്സാ വിഭാഗം ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ & കൺട്രോളിംഗ് ഓഫീസർ, ഗവ. ഹോമിയോപ്പതി മെഡിക്കൽ കോളേജ്, തിരുവനന്തപുരം.
ഡയറക്ടർ, ഹോമിയോ വകുപ്പ്, തിരുവനന്തപുരം.
ഡ്രഗ്സ് കൺട്രോളർ, തിരുവനന്തപുരം.
പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം (പരസ്യപ്പെടുത്തുന്നതിനായി).
കരുതൽ ഫയൽ / ആഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

**<u>മേലെഴുത്ത് നമ്പർ ഇ.എച്ച്.1-77172/13/ആ.വ.ഡ തീയതി:6/1/14.</u>**

**സർക്കാർ ഉത്തരവിന്റെ പകർപ്പ് എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർ, ഇഎ/ഇ.ഡി/ഇ.ഇ/ഇ.എഫ്/ഇ.ജി/എഫ്.ഡബ്ല്യൂ.എ/എച്ച്.റ്റി/യു.ഐ.പി സെക്ഷൻ സൂപ്രണ്ടുമാർ എന്നിവർക്ക് അടിയന്തിര നടപടിക്കും സർക്കാർ മാർഗ്ഗ നിർദ്ദേശം കർശനമായി പാലിക്കണം എന്ന നിർദ്ദേശം സഹിതം നൽകുന്നു.**

**ആരോഗ്യവകുപ്പ് ഡയറക്ടർക്ക് വേണ്ടി**

**<u>സ്വീകർത്താവ്:</u>**

എല്ലാജില്ലാമെഡിക്കൽആഫീസർമാർ/സൂപ്രണ്ട്/ഇഎ/ഇ.ഡി/ഇ.ഇ/ഇ.എഫ്/ഇ.ജി/എഫ്.ഡബ്ല്യൂ.എ/എച്ച്.റ്റി /യു.ഐ.പി

**<u>പകർപ്പ്:</u>**

പി.എ. റ്റു.ഡി.എച്ച്.എസ്/സി.എ റ്റു അഡീഷണൽ ഡയറക്ടർ (മെഡിക്കൽ) സി.എ റ്റു അഡീഷണൽ ഡയറക്ടർ (ഫാമിലി വെൽഫയർ)/ സി.എ റ്റു അഡീഷണൽ ഡയറക്ടർ(പി.എച്ച്)/സി.എ.റ്റു ഹെൽത്ത് ട്രാൻസ്പോർട്ട് ഓഫീസർ/സി.എ റ്റു സീനിയർ എ.ഒ/സൂപ്രണ്ട് ഒ & എം സെക്ഷൻ/വെബ് സൈറ്റ്.